പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3614 — 25.06.2013 ൽ മറുപടിക്ക്

# ചീമേനിയിൽ വൈദ്യുതി ഉല്പാദന നിലയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ .ചന്ദ്രശേഖരൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ ചീമേനി(എ) യിൽ വൈദ്യുതി ഉല്പാദന നിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ; | തീരുമാനിച്ചിരുന്നു. |
| (ബി) ഏത് ഇന്ധനമാണ് ഇവിടെ ഉപയോഗിക്കാൻ പരിഗണിച്ചിരുന്നത്; | (ബി)യും (സി)യും. ചീമേനി യിൽ 2400MW ശേഷിയുള്ള ഒരു കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം സ്ഥാപിക്കാനാണ് തീരുമാനിച്ചിരുന്നത്. |
| (സി) പ്രസ്തുത വൈദ്യുതി ഉൽപാദന നിലയത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | എന്നാൽ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നിർദ്ദേശം കണക്കിലെടുത്ത് ചീമേനിയിൽ 1320MW ന്റെ കൽക്കരി അധിഷ്ഠിത നിലയവും, 1200MW ന്റെ വാതകാധിഷ്ഠിത നിലയവും സ്ഥാപിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സ്റ്റീയറിംഗ് കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. |

ഇതു സംബന്ധിച്ച വിവിധ നിർദ്ദേശങ്ങൾ പരിഗണിച്ച് ചീമേനിയിൽ 1200MW-ന്റെ വാതകാധിഷ്ഠിത നിലയം മാത്രം സ്ഥാപിച്ചാൽ മതിയെന്ന് 11/02/2011-ലെG.O.(MS) No.36/2011/ID ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്. ഐ.ഡി.സി.യെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അടിസ്ഥാന പഠനം നടത്തുകയും വാതകാധിഷ്ഠിത നിലയം സ്ഥാപിക്കുന്നതിനായി എൻവയോൺമെന്റൽ ക്ലീയറൻസിനു വേണ്ടി MOE&F നെ സമീപിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിൽ നിന്നും പ്രകൃതി വാതകം ലഭ്യമായിട്ടില്ല എന്നതിനാൽ കെ.എസ്.ഇ.ബി ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങാൻ തയ്യാറല്ലാത്തതിനാൽ എൽ.എൻ.ജി ഇന്ധനമാക്കിയുള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിനു വേണ്ടി നിക്ഷേപകരുടെ അഭിപ്രായം ആരായാൻ തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ പ്രകൃതി വാതകത്തിന്റെ ദൗർലഭ്യം, ജലവൈദ്യുത പദ്ധതികൾക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്നിവ കണക്കിലെടുക്കുമ്പോൾ അതിനുള്ള ഏക പോംവഴി കൽക്കരി അധിഷ്ഠിത നിലയം സ്ഥാപിക്കൽ മാത്രമാണെന്നും ഇതേ തുടർന്ന് കൽക്കരി അധിഷ്ഠിത നിലയം കണ്ടെത്തുവാൻ സർക്കാർ M/S IL&FS എന്ന ഏജൻസിയെ ഏർപ്പെടുത്തിയെന്നും അതിനായി അവർ കണ്ടെത്തിയ സൈറ്റ് ചീമേനിയാണെന്നും മറ്റു അനുയോജ്യ ഘടകങ്ങളും കണക്കിലെടുത്ത് ചീമേനിയിൽ ഒരു കൽക്കരി അധിഷ്ഠിത നിലയവും കൂടി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണെ

(.... 3)

മെന്നാവശ്യപ്പെട്ടുകൊണ്ട് കെ.എസ്. ഇ.ബി 02/05/2013- തീയതിയിൽ ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച വരുന്നു.

സെക്ഷൻ ഓഫീസർ